(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-8/1249/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ,തീയതി:11.09.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

മറയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-മറയൂർ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-8/1249/2017

തീയതി:11.09.2017

## ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-11-2016 മുതൽ 17-08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി. എം. വി സിനി , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18-08-2017 മുതൽ 24-08-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.റ്റി.എസ്. ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.എം.യു. സണ്ണി | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ജിബി. ഇ.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ ജോസഫ് ചാക്കോ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോമോൻ തോമസ് | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.എ.പി.ഫ്രാൻസിസ് | 01.04.2016 മുതൽ 13.07.2016 വരെ |
| | ശ്രീ.പി.ജബ് രാജ് (അസി.സെക്രട്ടറിഅധികച്ചുമതല) | 14.07.2016 മുതൽ 03.08.2016വരെ |
| | ശ്രീ മധുസൂദനൻ ഉണ്ണിത്താൻ | 04.08.2016 മുതൽ 08.09.2016 വരെ |
| | ശ്രീ.പി.ജബ് രാജ് (അസി.സെക്രട്ടറിഅധികച്ചുമതല) | 09.09.2016 മുതൽ 27.12.2016 വരെ |
| | ശ്രീ പി. വിജയകുമാർ | 28.12.2016മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി | ശ്രീ.പി.ജബ് രാജ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സാനുക്കുട്ടൻ.ടി.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ദിവ്യമോൾ തോമസ് | 01.04.2016 മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീ.പി.വി.രാജു | 01.04.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.അനിപ്രിയ എസ്. | 01.04.2016 മുതൽ03.01.2017ANവരെ |
| | ശ്രീമതി. ഡിന്ന ഡേവിസ് പി. | 03.01.2017AN മുതൽ 06.02.2017 വരെ |
| | ശ്രീമതി. അനിപ്രിയ എസ്. | 07.02.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ ശ്രീജു എസ്.നായർ | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീ സാബു സെൽവാനോസ് | 01.08.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ. സാംസാവിയോ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.ശ്രീജൻ എസ്.ഡി. | 01.04.2016 മുതൽ 02.06.2016AN വരെ |
| | ഡോ. ലക്ഷ്മി എൻ. | 02.06.2016AN മുതൽ 17.08.2016 വരെ |
| | ഡോ. അനീഷ് വി.ശർമ | 18.08.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ | ശ്രീ അഗസ്റ്റിൻ ജോസഫ് | 01.04.2016 മുതൽ 02.06.2016വരെ |
| | ശ്രീ ഷൺമുഖവേൽ | 03.06.2016 മുതൽ 04.07.2016വരെ |
| | ശ്രീ എസ്. റ്റി. രാജ് | 05.07.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |

| | | |
|---|---|---|
| 13 | വസ്തുനികുതി - 33.76 ലക്ഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. | 2-1 |
| 14 | വസ്തുനികുതി, തൊഴിൽ നികുതി - പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. | 2-2 |
| 15 | ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിരിക്കുന്നു. | 2-3 |
| 16 | ഡി & ഒ. ലൈസൻസ് ഫീ - സംബന്ധിച്ച് | 2-4 |
| 17 | സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിച്ചിട്ടില്ല. | 2-5 |
| | ഭാഗം -3 | |
| 18 | വിധവകൾക്ക് വീട് മെയിന്റനൻസ് – അധികം സബ്സിഡി നൽകി- നഷ്ടം ₹21582/- | 3-1 |
| 19 | വനിതാ വിശ്രമ കേന്ദ്രത്തിന് കസേരകൾ വാങ്ങൽ-ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നല്കി - ₹13750/-യുടെ നഷ്ടം | 3-2 |
| 20 | ഹോമിയോ ആശുപത്രിയിലേക്ക് ഫർണിച്ചറുകൾ-വാങ്ങിയ മുഴുവൻ ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തില്ല - ₹6870/-യുടെ ചെലവ് നിരാകരിക്കുന്നു | 3-3 |
| 21 | തുക ഒടുക്കിയിട്ടും സമയ ബന്ധിതമായി മരുന്ന് ലഭ്യമാക്കിയിട്ടില്ല - തടസ്സം-₹2,04,951/- | 3-4 |
| 22 | എസ്.ടി.കുട്ടികൾക്ക് പഠനോപകരണങ്ങൾ-സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപത്തിൽ നിന്നും ഫർണീച്ചറുകൾ വാങ്ങി-നിരാകരണം -₹28438/- | 3-5 |
| 23 | സ്കൂൾ പെൺകുട്ടികൾക്ക് നാപ്കിൻ വിതരണം പദ്ധതി നടത്തിപ്പിലെ അപാകത - ചെലവ് തടസ്സം-₹148288/- | 3-6 |
| 24 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം- തുക കൈപ്പറ്റിയതിന് രേഖയില്ല.ചെലവ് തടസ്സം- ₹100000/- | 3-7 |
| 25 | പകൽ വീട്-പശ്ചാത്തല സൗകര്യമൊരുക്കൽ- ₹127400/-യുടെ പാഴ് ചെലവ് | 3-8 |
| 26 | വെള്ളക്കരം-കുടിശ്ശികയിനത്തിൽ വൻ തുക കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാൻ അവശേഷിക്കുന്നു | 3-9 |
| 27 | രേഖകൾ ഹാജരാക്കാത്തത് | 3-10 |

| | | |
|---|---|---|
| 28 | പി.എസ്.സി കോച്ചിംഗ് -അപാകതകൾ | 3-11 |
| 29 | ജലനിധി പദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല. | 3-12 |
| 30 | തെരുവ് വിളക്ക് അറ്റകുറ്റ പണി-രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 3-13 |
| 31 | മാലിന്യ നിർമ്മാർജ്ജനത്തിന് കോൺക്രീറ്റ് റിംഗ് സ്ഥാപിക്കൽ– അപാകതകൾ | 3-14 |
| 32 | ടെണ്ടർ ഫോറവില-ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 3-15 |
| | ഭാഗം-4 | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-9 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 23-03-2016-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് ₹17,21,74,000/-ഉം ആകെ ചെലവ് ₹17,20,09,000/-ഉം ആകുന്നു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി

സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 12-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 63,84,999/- |
| വരവ് | 76,33,8307/- |
| ആകെ | 8,27,23,306/- |
| ചെലവ് | 7,33,87,985/- |
| നീക്കിയിരിപ്പ് | 93,35,321/- |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേയ്ക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13128927 | 0 | 13128927 | 13128927 | 8586538 | 65.40 | 4542389 |
| വികസനഫണ്ട് എസ്.സി.പി. | 6612525 | 0 | 6612525 | 6612525 | 5939185 | 89.82 | 673340 |
| വികസനഫണ്ട് ടി.എസ്.പി. | 7850655 | 0 | 7850655 | 7850655 | 4743612 | 60.42 | 3107043 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 5981649 | 0 | 5981649 | 5981649 | 5169167 | 86.42 | 812482 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3304662 | 0 | 3304662 | 3304662 | 3304662 | 100.00 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7363043 | 0 | 7363043 | 7363043 | 6482656 | 88.04 | 880387 |
| പെർഫോമൻസ് ഗ്രാന്റ് | 197219 | 0 | 197219 | 197219 | 0 | 0.00 | 197219 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 33520066 | 41131 | 33520066 | 33561197 | 33233906 | 99.02 | 327291 |
| ബി ഫണ്ട് | | 0 | 21181920 | 21181920 | 21181920 | 100.00 | 0 |

## 1-6 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 78876812 | 107 | 34287430 | ഇല്ല | 72 | 67.29 |

ബി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 49 | 16519725 | 35 | 13795701 | 83.51 |
| അസി. എൻജിനീയർ | 91 | 31992806 | 47 | 12534288 | 39.18 |
| കൃഷി ഓഫീസർ | 3 | 927027 | 2 | 327027 | 35.28 |
| അസി.സെക്രട്ടറി | 7 | 2450000 | 5 | 1125000 | 45.92 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 1 | 600000 | 1 | 575872 | 95.98 |
| വെറ്ററിനറി സർജൻ | 5 | 826833 | 4 | 626833 | 75.81 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 200000 | 1 | 200000 | 100.00 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ. | 7 | 18715100 | 3 | 820000 | 4.38 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 6420321 | 7 | 4060059 | 63.24 |
| ഹെഡ് മാസ്റ്റർ ഗവ. എൽ.പി.എസ്. | 2 | 225000 | 2 | 222650 | 98.96 |
| ആകെ | 179 | 78876812 | 107 | 34287430 | 43.47 |

സി) പദ്ധതി ആരംഭിച്ചിട്ട് പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

ആകെ അംഗീകാരം ലഭിച്ച പദ്ധതികളിൽ 67.29% മാത്രമാണ് നടപ്പാക്കാനായത്, ചെലവ് ആകെ അടങ്കലിന്റെ 43.47 ശതമാനവും. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചാണ് കഴിയുന്നത്. എന്നാൽ തൻവർഷം ഈ മേഖലയിൽ ആകെ 2 പദ്ധതികളിലായി മൊത്തം പദ്ധതി അടങ്കലിന്റെ 0.41% മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതികൾ തയ്യാറാക്കുമ്പോൾ അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

2016-17 വർഷത്തെ തനത് വരുമാനത്തിൽ മുൻവർഷത്തേക്കാൾ താഴെ പറയും പ്രകാരം 4.1ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3244150 | 3127689 | -116461 | -3.59 |
| നികുതിയേതര വരവുകൾ | 978112 | 1108654 | 130542 | 13.35 |
| മറ്റുവരവുകൾ | 117898 | 281890 | 163992 | 139.10 |
| അകെ | 4340160 | 4518233 | 178073 | 4.10 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5040 | 2 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 208330 | 25 |
| വിധവാപെൻഷൻ | 4082540 | 428 |
| വാർദ്ധക്യകാലപെൻഷൻ | 16016390 | 1491 |
| വികലാംഗപെൻഷൻ | 869620 | 101 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹22200/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. വസ്തുനികുതി ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പഞ്ചായത്ത്കമ്മറ്റി മിനിറ്റ്സ് ബുക്ക് പൂർത്തിയാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. വെള്ളക്കരം, തെരുവുവിളക്ക് എന്നിവയുടെ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.5.2017 | 3/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 മുതൽ 12.02.2016 വരെ | 2014-15 വരെ | 28.07.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

മറയൂർ ഗ്രാമ പഞ്ചായത്തിലെ 2016-17 വർഷത്തെ വാർഷിക കണക്കിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1) ജവഹർ ഭവന പദ്ധതിയുടെ വായ്പ തുകയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വസ്തുനികുതിയിനത്തിൽ ലഭിച്ചിട്ടുള്ള അഡ്വാൻസ് തുക ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

3) വസ്തുനികുതിയിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുകയ്ക്ക് നിയമാനുസൃത കിട്ടാക്കടത്തിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

4) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകയും സാംഖ്യയിലെ വസ്തുനികുതി തുകയും പൊരുത്തപ്പെടുന്നില്ല.

5) ഡെപ്പോസിറ്റ് രജിസ്റ്റർ, ഡി.&ഒ., തൊഴിൽ നികുതി എന്നീ രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി-33.76 ലക്ഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ (B-15)വസ്തുനികുതിയിനത്തിൽ ₹3210636/- പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. പഞ്ചായത്തിന് ലഭ്യമാകേണ്ട ഈ നികുതികൾ കാലഹരണപ്പെട്ട്പോകാതെ ഉചിത നടപടികളിലൂടെ പിരിച്ചെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി,തൊഴിൽ നികുതി എന്നിവ ചുമത്തി ഈടാക്കിയില്ല

എ) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തതായി കാണുന്നില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമണ്.

ബി) 2016-17 വർഷത്തിൽ പെട്രോൾ പമ്പുകളുടെ സ്ഥാപനതൊഴിൽനികുതി പിരിച്ചെടുത്തതായി കാണുന്നില്ല. ആയത് പരിശോധിച്ച് നികുതി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിരിക്കുന്നു.

മദർ സൂപ്പീരിയർ, സെന്റ്. മേരീസ് കോൺവെന്റ്, മറയൂർ എന്ന പേരിലുള്ള അപേക്ഷയിന്മേൽ എ3-505/17 തീയതി 21.02.2017 പ്രകാരം 475.14 ച.മീറ്ററിലുള്ള സ്കൂൾ കെട്ടിടം പണിയുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1) അസി.എൻജിനീയർ നൽകിയ റിപ്പോർട്ടിൽ നിലവിലുള്ള കെട്ടിടത്തിന് 3654.25 ച.മീറ്റർ വിസ്തൃതിയുണ്ടെന്നും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന് 475.14 ച.മീറ്റർ വിസ്തൃതിയുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ തറവിസ്തൃതി 4129.39 ച.മീറ്റർ ഉണ്ട്. ആയതിനാൽ ജില്ലാ ടൗൺ പ്ലാനറുടെ അനുമതി വാങ്ങേണ്ടതായിരുന്നു.

2) പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കൈവശാവകാശ സർട്ടിഫിക്കറ്റിൽ പ്രസ്തുത സ്ഥലം 'നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2008 ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 14 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലും എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ടിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശ സ്ഥാപനവും നൽകുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സ്ഥലം സംബന്ധിച്ച് സർക്കാരിൽ നിന്നോ കോടതിയിൽ നിന്നോ യാതൊരു അനുമതിയും ലഭിക്കുയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലും കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിയിരിക്കുന്നു.

3) കൂടാതെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 56(ബി) പ്രകാരം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെയുള്ള കൈവശാവകാശഗണം ബി-യുടെയും കൈവശാവകാശഗണം ഇ-യുടെയും സംഗതിയിൽ അത്തരം ഓരോ കൈവശാവകാശ ഗണത്തിൽപ്പെട്ടതും ആകെ തറവിസ്തീർണ്ണാനുപാതം 4000

ച.മീറ്ററിൽ കവിയുന്നതും എന്നാൽ 10000 ച.മീറ്റർ വരെയുള്ളതുമായ കെട്ടിടങ്ങളുടെ ലേഔട്ടിനും പ്ലോട്ടിന്റെ ഉപയോഗത്തിനും ജില്ലാ ടൗൺ പ്ലാനറിൽ നിന്നും അനുമതി വാങ്ങേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ പരാമർശിച്ച വിഷയത്തിൽ ബി ഗണത്തിൽപ്പെട്ട വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിന് അസി.എൻജിനീയർ നൽകിയിട്ടുള്ള റിപ്പോർട്ടും സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രകാരവും നിലവിലുള്ള കെട്ടിടത്തിന് 3654.25 ച.മീറ്ററും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന് 475.14 ച.മീറ്ററും ഉൾപ്പെടെ ആകെ 4129.39 ച.മീറ്റർ വിസ്തൃതിയുണ്ടായിട്ടും ജില്ലാ ടൗൺ പ്ലാനറുടെ അനുമതി വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചട്ടവിരുദ്ധമായി നൽകിയിട്ടുള്ള പെർമിറ്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ. ലൈസൻസ് കൂടാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2016-17 വർഷത്തെ ഡി & ഒ. ലൈസൻസ് ഫീ രജിസ്റ്റർ പ്രകാരം 195 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ കണക്കുകൾ പ്രകാരം 242 വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്-വകുപ്പ് 232 പ്രകാരം ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൽ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. ഡി & ഒ. രജിസ്റ്ററും സഞ്ചയ കണക്കുകളും പരിശോധിച്ച് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-5 സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന നികുതി സ്രോതസ്സായ വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയർ ഡാറ്റാ എൻട്രി പൂർത്തീകരിക്കുകയോ സമഗ്രമായ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ നടപ്പാക്കുകയോ ചെയ്തിട്ടില്ല. സഞ്ചയയിൽ 2013-14 സാമ്പത്തിക വർഷം മുതൽ നടത്തിയിട്ടുള്ള ഡാറ്റാ എൻട്രിയിൽ അതുവരെ കുടിശ്ശികയുള്ള വസ്തുനികുതി സംബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പുനർ നിർണ്ണയിച്ചപ്പോൾ 14.01.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ച.മീറ്റർ കണക്കാക്കി പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയത് മൂലമുള്ള നികുതി വ്യതിയാനം കുടിശ്ശിക ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സാംഖ്യ പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സഞ്ചയ പ്രകാരമുള്ള തുക | സാംഖ്യ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തുനികുതി ഡിമാന്റ് | 4900988 | 2594225 | 2306763 |
| 2 | വസ്തുനികുതി കളക്ഷൻ | 1730849 | 1746155 | 15306 |
| 3 | വസ്തുനികുതി ബാലൻസ് | 3174166 | 3376448 | 202282 |

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി അഡ്വാൻസ് കളക്ഷൻ സാംഖ്യയിൽ ഈ ഇനത്തിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. വസ്തുനികുതി പുനർ നിർണ്ണയത്തിന്റെ ഭാഗമായി ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ

കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി നികുതി പുനർ നിർണ്ണയം നടത്തിയിട്ടില്ല. വാണിജ്യ/വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തുമ്പോൾ ഓരോ വിഭാഗത്തിനുമുള്ള നികുതി വ്യത്യസ്തമായതിനാൽ ഡാറ്റാ എൻട്രി വരുത്തിയതിൽ വ്യതിയാനം ഉണ്ട്. ആയത് സമഗ്രമായി പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിധവകൾക്ക് വീട് മെയിന്റനൻസ് - അധികം സബ്സിഡി നൽകി - നഷ്ടം ₹21,582/-

പദ്ധതി – വിധവകൾക്ക് വീട് മെയിന്റനൻസ് (S047/17)

ചെലവ് - ബിൽ നം.8/16-17/29.3.17/1,50,000/-

നിർവഹണം – വി.ഇ.ഒ,

പദ്ധതി മാർരേഖ ഉത്തരവ് നം.4/2016/1.11.16 ഖണ്ഡിക 3.6 പ്രകാരം വീട് മെയിന്റനൻസിന് അസി. എൻജിനീയർ നൽകുന്ന വാല്യൂവേഷൻ തുകയുടെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന നാല് ഗുണഭോക്താക്കൾക്ക് വാല്യൂവേഷൻ തുക പരിഗണിക്കാതെ സബ്സിഡി നൽകിയിട്ടുണ്ട്. ഇതുമൂലം 21582/-രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | അസി. എൻജിനീയർ നൽകിയ വാല്യൂവേഷൻ തുക. | നൽകിയത് | അധികം നൽകിയത്. |
|---|---|---|---|---|
| 1. | കാളിത്തായി, പള്ളനാട് | 13301 | 25000 | 11699 |
| 2. | വള്ളിയമ്മ, നാച്ചിവയൽ | 20407 | 25000 | 4593 |
| 3. | ഡോറിസ് സെബാസ്റ്റ്യൻ, കരിമുട്ടി. | 22020 | 25000 | 2980 |
| 4. | അമ്മിണി ഗോപി, മേൽക്കരിമുട്ടി | 22690 | 25000 | 2310 |
| | ആകെ | | | 21582 |

വാല്യൂവേഷൻ തുക പരിഗണിക്കാതെ അധികം നൽകിയ ₹21582/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

### 3-2 വനിതാ വിശ്രമ കേന്ദ്രത്തിന് കസേരകൾ വാങ്ങൽ–ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നല്കി - ₹7500/-യുടെ നഷ്ടം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| പദ്ധതി നം | 194/17 |
| പദ്ധതി അടങ്കൽ | ₹253350/- |

| പദ്ധതി ചെലവ് | ബിൽ നം/തീയ്യതി | തുക(₹) |
|---|---|---|
| | 62/31.3.17 | 253330 |

ഗ്രാമപഞ്ചായത്തിലെ വനിതാ വിശ്രമ കേന്ദ്രത്തിലേക്ക് കസേരകൾ വാങ്ങുന്നതിനായി 3.3.17 ൽ എ2-4575/16 നമ്പർ ആയി ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടർ നോട്ടീസ് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നത് ഒലീവിയ ഹോം വേൾഡ് ഇരുമ്പുപാലം എന്ന സ്ഥാപനമാണ്. പ്രൈമ കമ്പനിയുടെ '4003' മോഡൽ കസേരകൾക്ക് ₹395/-യും '4010' മോഡലിന് ₹495/-യും '4011' മോഡലിന് ₹520/-യുമാണ് പ്രസ്തുത സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. ഇൻവോയ്സ് നം.263/29.3.17 പ്രകാരം പ്രൈമ '4010' മോഡൽ കസേരകൾ 234 എണ്ണം ₹495/-നിരക്കിലും പ്രൈമ '2036' മോഡൽ കസേരകൾ 250 എണ്ണം ₹550/- നിരക്കിലുമാണ് പ്രസ്തുത സ്ഥാപനം ഗ്രാമ പഞ്ചയത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. പ്രൈമ '2036' മോഡൽ കസേരകളുടെ വില ഓലിവിയ ഹോം വേൾഡ് എന്ന സ്ഥാപനം ക്വോട്ട് ചെയ്തിരുന്നില്ല. കസേരകൾ വാങ്ങുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി യാതൊരു തീരുമാനവും കൈക്കൊള്ളുകയും ചെയ്തിട്ടില്ല. ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങളിൽ ഏറ്റവും കൂടിയ വിലയുള്ളത് '4011' മോഡലാണ്. ഇതിനാകട്ടെ 520/-രൂപയാണ് വിലയായി രേഖപ്പെടുത്തിയിരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ഒലീവിയ ഹോം വേൾഡ് എന്ന സ്ഥാപനം ക്വോട്ട് ചെയ്ത ഏറ്റവും കൂടിയ നിരക്കായ ₹520/-യേക്കാൾ അധിക നിരക്ക് നല്കിയത് അംഗീകരിക്കുന്നില്ല. 250 കസേരകൾക്ക് ₹30/-നിരക്കിൽ അധികം നല്കിയ ₹7500/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഹോമിയോ ആശുപത്രിയിലേക്ക് ഫർണീച്ചറുകൾ-വാങ്ങിയ മുഴുവൻ ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തില്ല - ₹6870/-യുടെ ചെലവ് നിരാകരിക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | |
|---|---|---|
| പദ്ധതി നം | 1/17 | |
| പദ്ധതി അടങ്കൽ | ₹50000/- | |
| പദ്ധതി ചെലവ് | ബിൽ നം/തീയ്യതി | തുക(₹) |
| | 8/28.9.16 | 47116/- |

ഹോമിയോ ആശുപത്രിയിലേക്ക് ഫർണീച്ചറുകൾ വാങ്ങൽ എന്ന പദ്ധതിക്കുവേണ്ടി ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെയ്കോ തൊടുപുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ, ഗ്രാമ പഞ്ചായത്ത് കമ്മിറ്റി 27.05.16ലെ 1(3) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 06.09.16ൽ A2-4575/14 ആയി സപ്ലൈ ഓർഡർ നല്കുകയും ചെയ്തു. ഇൻവോയ്സ് നം.Y-15/8.9.16 പ്രകാരം ഗ്രാമ പഞ്ചായത്ത് കെയ്കോയിൽ നിന്നും വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | നിരക്ക് | തുക(₹) |
|---|---|---|---|---|
| 1 | മെഡിക്കൽ റാക്ക് | 5 | 3435 | 17175 |

| | | | | |
|---|---|---|---|---|
| 2 | സ്റ്റീൽ അലമാര | 1 | 9046 | 9046 |
| 3 | സ്റ്റീൽ മേശ | 1 | 3206 | 3206 |
| 4 | റിവോൾവിംഗ് ചെയർ | 1 | 6298 | 6298 |
| 5 | സ്റ്റൂൾ | 2 | 1374 | 2748 |
| 6 | കസേര | 3 | 400 | 1200 |
| 7 | സ്ക്രീൻ | 1 | 7443 | 7443 |
| | ആകെ | | | 47116 |

മെഡിക്കൽ ഓഫീസർ(ഹോമിയോ) 23.08.17ൽ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പേജ് 4 ലെ രേഖപ്പെടുത്തലുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ഹോമിയോ ആശുപത്രിയിലേക്ക് നല്കിയിട്ടുള്ളത് 3 മെഡിക്കൽ റാക്കുകളാണ്. 5 മെഡിക്കൽ റാക്കുകൾ ഹോമിയോ ആശുപത്രിയിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ളതായി ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മെഡിക്കൽ ഓഫീസർ 5 എണ്ണം കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. ഇൻവോയ്സ് നം.Y-15/16-17 ക്രമ നം 1 പ്രകാരമുള്ള 5 മെഡിക്കൽ റാക്കുകളിൽ അവശേഷിക്കുന്ന 2 എണ്ണത്തിന്റെ സ്ഥിതി വിവരം സംബന്ധിച്ച വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും മറുപടി ഹാജരാക്കിയില്ല. വാങ്ങിയ റാക്കുകളിൽ രണ്ടെണ്ണം അവശേഷിക്കുന്നതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഇതിന്റെ ചെലവ് തുകയായ ₹6870/-(3435x2)ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 തുക ഒടുക്കിയിട്ടും സമയ ബന്ധിതമായി മരുന്ന് ലഭ്യമാക്കിയിട്ടില്ല - തടസ്സം- ₹2,04,951/-

1)

| | |
|---|---|
| പ്രോജക്ട് | S0056/17, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹70000/- (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)) |
| ചെലവ് ₹ 50000/- | ബിൽ നം. 48/16-17 തീയതി. 25.03.2017 ₹ 70000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹70000/- ആലപ്പുഴ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക ₹70000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ട് | S0065/17, ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| അടങ്കൽ | ₹200000/- (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)) |
| ചെലവ് ₹ 2,00,000/- | ബിൽ നം. 01/16-17 തീയതി. 26.12.2016 ₹ 2,00,000/- |

ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹200000/- ഔഷധിയിൽ ഒടുക്കിയിട്ടുണ്ട്. ഇതിൽ ₹65049/-യുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ ₹134951/-യുടെ മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക ₹134951/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.ടി.കുട്ടികൾക്ക് പഠനോപകരണങ്ങൾ-സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപത്തിൽ നിന്നും ഫർണീച്ചറുകൾ വാങ്ങി-നിരാകരണം -₹28438/-

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | |
| പദ്ധതി നം | 12/17 | |
| പദ്ധതി അടങ്കൽ | ₹228000/- | |
| പദ്ധതി ചെലവ് | ഡി.ഡി നം/തീയ്യതി | തുക(₹) |
| | 961146/31.3.17 | 224564/- |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ എന്ന പദ്ധതിക്കു വേണ്ടി ട്രാവൻകൂർ ട്രേഡിംഗ് കമ്പനി കട്ടപ്പന എന്ന സ്ഥാപത്തിന്റെ ടെണ്ടർ ആണ് 27.5.16 ലെ 1(3) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. കാഷ് ഇൻവോയ്സ് 11 പ്രകാരം താഴെപ്പറയുന്ന ഫർണിച്ചറുകൾ പ്രസ്തുത സ്ഥാപനം ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഫർണിച്ചർ ഇനം | എണ്ണം | നിരക്ക് | തുക | വാറ്റ് | ആകെ തുക |
|---|---|---|---|---|---|---|
| 1 | സ്റ്റീൽ മേശ | 57 | 3109 | 177213 | 25696 | 202900 |
| 2 | കസേര | 57 | 331.8 | 18913 | 2742 | 21655 |
| | ആകെ | | | 196126 | 28438 | 224564 |

ട്രാവൻകൂർ ട്രേഡിംഗ് കമ്പനി സമർപ്പിച്ച ടെണ്ടറിൽ സ്ഥാപത്തിന്റെ വാറ്റ് രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ കാഷ് ബില്ലിലും TIN നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാറ്റ് രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ സ്ഥാപനത്തിൽ നിന്നും വാറ്റ് ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതായിരുന്നെങ്കിലും വാറ്റുൾപ്പടെയുള്ള തുകയാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും സ്ഥാപനത്തിന് നല്കിയിട്ടുള്ളത്. വാറ്റിനത്തിൽ സ്ഥാപനത്തിന് നല്കിയിട്ടുള്ള ₹28438/-ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും

ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 3-6 സ്കൂൾ പെൺകുട്ടികൾക്ക് നാപ്കിൻ വിതരണം പദ്ധതി നടത്തിപ്പിലെ അപാകത - ചെലവ് തടസ്സം-₹148288/-

| | |
|---|---|
| പ്രോജക്ട് | S0132/17, സ്കൂൾ പെൺകുട്ടികൾക്ക് നാപ്കിൻ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ₹307700/- (വികസന ഫണ്ട്)<br>₹ 50700/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് ₹ 173088/- | ബിൽ നം. 7/16-17 തീയതി. 28.02.2017 ₹ 173088/- |

മറയൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 506 പെൺകുട്ടികൾക്ക് നാല് മാസത്തേക്ക് വനിത വികസന കോർപ്പറേഷനിൽ നിന്നും സാനിട്ടറി നാപ്കിൻ വാങ്ങി വിതരണം നടത്തുന്നതിനും സ്കൂളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും സാനിട്ടറി നാപ്കിൻ സൂക്ഷിക്കുന്നതിന് അലമാര വാങ്ങുന്നതിനും തുക വകയിരുത്തിയാണ് മേൽ പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് (₹) | തുക (₹) |
|---|---|---|---|---|
| 1 | സാനിട്ടറി നാപ്കിൻ (8 എണ്ണം അടങ്ങിയ പാക്കറ്റ്) | 2024 പാക്കറ്റ് | 33.50 | 67804 |
| 2 | ഇൻസിനറേറ്റർ (ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെ) | 2 | 12400 | 24800 |
| 3 | അലമാര | 2 | 40242 | 80484 |
| | ആകെ | | | 173088 |

ഇതിലേക്ക് ആവശ്യമായ അലമാര വേദിക എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ പ്രകാരം വാങ്ങുകയും സാനിട്ടറി നാപ്കിൻ, ഇൻസിനറേറ്റർ എന്നിവയ്ക്ക് ആവശ്യമായ തുക ₹148288/- സംസ്ഥാന വനിത വികസന കോർപ്പറേഷന് നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ സാനിട്ടറി നാപ്കിൻ വിതരണം നടത്തുകയോ ഇൻസിനറേറ്റർ സ്ഥാപിക്കുയോ ചെയ്തിട്ടില്ല. ആയതിനാൽ ഇതിലേക്കായി സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുള്ള ₹148288/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടപ്പാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം- തുക കൈപ്പറ്റിയതിന് രേഖയില്ല.ചെലവ് തടസ്സം -₹ 100000/-

a)

| | |
|---|---|
| പ്രോജക്ട് | S0051/17, തെരുവ് നായ്ക്കളുടെ വന്ധ്യംകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹50000/- (വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് ₹ 50000/- | ബിൽ നം. 1/16-17 തീയതി. 22.02.2017 ₹ 50000/- |

b)

| | |
|---|---|
| പ്രോജക്ട് | S0166/17, തെരുവ് നായ്ക്കളുടെ വന്ധ്യംകരണം- അധികവിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹50000/- (വികസന ഫണ്ട്) |
| ചെലവ് ₹ 50000/- | ബിൽ നം. 2/16-17 തീയതി. 23.02.2017 ₹ 50000/- |

മേൽ സൂചിത രണ്ട് പദ്ധതികൾ പ്രകാരം തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി ഇടുക്കി ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിന് ₹100000/- ചെലവ് വന്നിട്ടുണ്ട്. എന്നാൽ തുക ജില്ലാ പഞ്ചായത്തിൽ ലഭിച്ചതിന്റെ രസീത് ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക ₹100000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പകൽ വീട്-പശ്ചാത്തല സൗകര്യമൊരുക്കൽ- ₹127400/-യുടെ പാഴ് ചെലവ്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | |
| പദ്ധതി നം | 201/17 | |
| പദ്ധതി അടങ്കൽ | ₹127845/- | |
| പദ്ധതി ചെലവ് | ബിൽ നം/തീയതി | തുക(₹) |
| | 60/31.3.17 | 127400/- |

പകൽ വീട് എന്ന സംരംഭത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. 03.03.17ലെ A2-4576/16 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം പദ്ധതിക്കുവേണ്ടി 3 ടെണ്ടറുകൾ ലഭിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഓലിവിയ ഹോം വേൾഡ് ഇരുമ്പുപാലം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കുവേണ്ടി ഇൻവോയ്സ് നം.261/29.3.17 പ്രകാരം ₹127400/-യുടെ ഫർണീച്ചറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.നിർമ്മാണ പ്രവർത്തനങ്ങൾ പാതി പോലും പൂർത്തീകരിക്കാത്ത കെട്ടിടത്തിലേക്ക് ഫർണീച്ചറുകൾ വാങ്ങി

പകൽ വീട് എന്ന സംരംഭത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പാതിപോലുംപൂർത്തീകരിക്കാതെയാണ് പ്രസ്തുത കെട്ടിടത്തിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഭിത്തി നിർമ്മാണം പോലും നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. പദ്ധതിക്കുവേണ്ടി വാങ്ങിയ ഫർണീച്ചറുകൾ ഗ്രാമ പഞ്ചായത്തിൽ

നിഷ്ക്രിയാവസ്ഥയിൽ സൂക്ഷിച്ചിരിക്കുകയാണ്.

2.ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ടെണ്ടറിൽ ഫർണീച്ചറുകളുടെ സ്പെസിഫിക്കേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ടെണ്ടർ വിജയിയായ ഒലിവിയ ഹോം വേൾഡ് എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ വാട്ടർ പ്യൂരിഫയർ,നെറ്റ് പ്രിന്റർ എന്നീ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. സ്പെസിഫിക്കേഷൻ വിവരങ്ങൾ രേഖപ്പെടുത്താത്ത ടെണ്ടർ അംഗീകരിച്ചതുമൂലം നിലവാരം കുറഞ്ഞ ഫർണിച്ചറുകൾക്കുപോലും ഉയർന്ന നിരക്കിലുള്ള തുകയാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും ഈടാക്കിയിരിക്കുന്നത്.

3.ടെണ്ടർ നോട്ടീസ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത ഉപകരണങ്ങൾ വാങ്ങി

ഗ്രാമ പഞ്ചായത്തിന്റെ ടെണ്ടർ പരസ്യത്തിലും ഓലിവിയ ഹോം വേൾഡ് എന്ന സ്ഥാപനം സമർപ്പിച്ച ക്വോട്ടേഷനിലും സ്റ്റീൽ അലമാര എന്ന ഇനം ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ഇൻവോയ്സ് നം.261/29.3.17 പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ നിന്നും ₹21000/-യ്ക്ക് 2 സ്റ്റീൽ അലമാരകളും വാങ്ങിയിട്ടുണ്ട്. ഫർണീച്ചറുകൾ വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ അംഗീകാരവും നേടിയിട്ടില്ല. പദ്ധതിക്കുവേണ്ടി വാങ്ങിയ ഉപകരണങ്ങൾ നമ്പറിട്ട് സ്റ്റോക്ക് എൻട്രി വരുത്തുകയും ചെയ്തിട്ടില്ല.

വാങ്ങൽ പ്രക്രിയ നടത്തിയതല്ലാതെ പകൽ വീട് എന്ന സംരംഭം ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച മുഴുവൻ തുകയും പാഴ് ചെലവായിരിക്കുകയാണ്. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ₹127400/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 വെള്ളക്കരം-കുടിശ്ശികയിനത്തിൽ വൻ തുക കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാൻ അവശേഷിക്കുന്നു

കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ബിൽ നം.9788/15.6.16 പ്രകാരം 31.03.16 വരെ വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക തുക ₹8772687/-യാണ്. ടാപ്പ് ഒന്നിന് പ്രതിവർഷം ₹5250/ നിരക്കിൽ 267 ടാപ്പുകൾക്കായി ₹1401750/-യാണ് ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കേണ്ടത്. 2016-17 വർഷം വെള്ളക്കരമിനത്തിൽ ഗ്രാമ പഞ്ചായത്ത് അടച്ചിട്ടുള്ളത് ₹468673/-യാണ്. 2012-13 വർഷം മുതൽ ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ജലനിധി പദ്ധതി നിലവിൽ വന്നിട്ടും വെള്ളക്കരമിനത്തിൽ വൻ തുക ഒടുക്കേണ്ടി വരുന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി അത്യാവശ്യ കാര്യങ്ങൾക്കൊഴികെയുള്ള പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 രേഖകൾ ഹാജരാക്കാത്തത്

28.10.2016-ലെ പഞ്ചായത്ത് കമ്മറ്റിയുടെ VII(1) തീരുമാനപ്രകാരം ഇന്ദിരാനഗർ കോളനിയിലുള്ള പഞ്ചായത്ത് വക 40 ആർ 27 ച:മീറ്റർ സ്ഥലം 24 വ്യക്തികളുടെ പേരിലേയ്ക്ക് ആധാരം ചെയ്ത് കൊടുക്കുന്നതിന് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 30.03.2000-ൽ ശ്രീ.കൃഷ്ണൻ നായർ എന്നയാളിൽനിന്നും മറയൂർ ഗ്രാമ പഞ്ചായത്ത്

സെക്രട്ടറിയുടെ പേരിൽ വാങ്ങിയ 40 ആർ 27 ച:മീറ്റർ സ്ഥലം 24 പേർക്ക് മൂന്ന് സെന്റ് വീതം നൽകി ഇന്ദിരാനഗർ കോളനിയായി പ്രഖ്യാപിച്ചതായും അവർ നാളിതുവരെ കൈവശംവച്ച് ഉപയോഗിക്കുന്നതായും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ വില 1999-2000-ൽ തന്നെ ഈ വ്യക്തികളിൽനിന്നും വാങ്ങിയിരുന്നതായും ഇപ്പോൾ ആധാരചെലവ് അവർ തന്നെ വഹിക്കണമെന്നും മിനിറ്റ്സിലുണ്ട് (മിനിറ്റ്സ് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല).

വി.ഇ.ഒ.നടപ്പാക്കിയ 'വിധവ/സ്ത്രീ ഗൃഹനാഥയായിട്ടുള്ളവർക്ക് ഭവന നിർമ്മാണ ധനസഹായം' (S0167/17) പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി കുട്ടിയമ്മ ദേവരാജിന് മേൽ പരാമർശിച്ച പഞ്ചായത്ത് വക സ്ഥലത്തുനിന്നും 1ആർ 21 ച:മീറ്റർ 7.11.2016-ൽ ആധാരം ചെയ്ത് നൽകിയതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ശ്രീമതി കുട്ടിയമ്മ ഹാജരാക്കിയിട്ടുണ്ട്.

ഈ സ്ഥലം 24 പേർക്ക് ആധാരംചെയ്ത് നൽകിയതുമായി ബന്ധപ്പെട്ട ഫയലുകളും ആസ്തി രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-11 പി.എസ്.സി കോച്ചിംഗ് -അപാകതകൾ

പി.എസ്.സി.കോച്ചിംഗ് നടത്തുന്നതിനായി തൻവർഷം രണ്ട് പദ്ധതികൾ അസി.സെക്രട്ടറി നടപ്പാക്കിയിരിക്കുന്നു. അവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | ബിൽ നം | തുക |
|---|---|---|---|
| 1 | പി. എസ്. സി. കോച്ചിംഗ് (എസ്.ടി.)<br>പ്രോജക്ട് നം.159/17<br>അടങ്കൽ-₹110000/- | 4/16-17തീ. 16.03.17 | 100000/- |
| 2 | പി. എസ്. സി. കോച്ചിംഗ് (എസ്.സി)<br>പ്രോജക്ട് നം.159/17<br>അടങ്കൽ-₹110000/- | 5/16-17 തീ.16.03.17 | 100000/- |

നിലവിൽ ഫോറസ്റ്റ് വകുപ്പിന്റെ ചുമതലയിൽ ട്രൈബൽ മേഖലയിൽ പി.എസ്.സി കോച്ചിംഗ് നടത്തിവരുന്ന 'വാല്മീകി' ട്രൈബൽ ശാക്തീകരണ സൊസൈറ്റി മുഖാന്തിരം 50 വീതം പട്ടികവർഗ്ഗ യുവാക്കൾക്കും പട്ടികജാതി യുവജനങ്ങൾക്കും പരിശീലനം നൽകി സർക്കാർ ജോലി നേടുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള പദ്ധതിയാണിത്. പഞ്ചായത്ത് വിഹിതമായ ഒരുലക്ഷം രൂപ വീതം വനംവകുപ്പ് മുഖേനയാണ് സൊസൈറ്റിക്ക് കൈമാറേണ്ടത്.

ഗുണഭോക്തൃവിഹിതമായ ₹200/- വീതം ഗുണഭോക്താവ് പഞ്ചായത്തിൽ നേരിട്ട് ഒടുക്കേണ്ടതാണ്. മേൽ ബിൽ പ്രകാരമുള്ള തുകകൾ അസി.വൈൽഡ് ലൈഫ് വാർഡൻ കൈപ്പറ്റിയിരിക്കുന്നു.

പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. രണ്ട് പദ്ധതികളിലും പരിശീലനം ലഭിച്ച ആൾക്കാരുടെ വിവരങ്ങൾ ലഭ്യമല്ല. കുട്ടികളുടെ എണ്ണം ,പരിശീലനം നൽകിയ തീയതികൾ, പരിശീലനം ലഭിച്ചവരുടെ ഹാജർ എന്നിവ ലഭ്യമാക്കിയില്ല.

2. രണ്ട് പദ്ധതികളിലും 50 ആൾക്കാരെ വീതം പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടില്ല. പി. എസ്. സി. കോച്ചിംഗ് (എസ്.ടി.)എന്ന പ്രോജക്ടിൽ 12 ഗുണഭോക്താക്കളുടെ പേരും പി. എസ്. സി. കോച്ചിംഗ് (എസ്.സി)എന്ന പ്രോജക്ടിൽ 21 പേരുമടങ്ങുന്ന ലിസ്റ്റുകളാണ് ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്നത്. ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

3. നിലവിൽ ഫോറസ്റ്റ് വകുപ്പിന്റെ ചുമതലയിൽ ട്രൈബൽ മേഖലയിൽ പി.എസ്.സി കോച്ചിംഗ് നടത്തിവരുന്ന സ്ഥാപനമാണ് 'വാല്മീകി' ട്രൈബൽ ശാക്തീകരണ സൊസൈറ്റി. വനം വകുപ്പ് ഈ പദ്ധതിക്കായി ചെലവഴിക്കുന്ന തുകയെത്രയെന്ന കാര്യവും ആ വകുപ്പ് മുഖേന പരിശീലനം ലഭിക്കുന്ന പഠിതാക്കളുടെ വിവരവും ലഭ്യമല്ല. ആയതിനാൽ ആ വകുപ്പ് മുഖേന പരിശീലനം ലഭിച്ചവർക്ക് തന്നെയാണോ പഞ്ചായത്തും പരിശീലനം നൽകിയത് എന്നത് പരിശോധിക്കാനായില്ല.

4. ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ വിവരം ലഭ്യമല്ല. പദ്ധതി പ്രകാരം ഈ ഇനത്തിൽ ₹20000/- പിരിക്കേണ്ടതായിരുന്നു

5. പി.എസ്.സി. പരിശീലനം സംബന്ധിച്ച് അസി.വൈൽഡ് ലൈഫ് വാർഡന്റെ 16.05.2017 ലെ നോട്ടീസ് പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെയുള്ള പദ്ധതി 28.05.2017 ൽ മാത്രമാണ് ആരംഭിക്കുന്നത്. എന്നാൽ പദ്ധതി പ്രകാരമുള്ള തുക മുഴുവനും മുൻകൂറായി അസി.വൈൽഡ് ലൈഫ് വാർഡന് നൽകിയിരിക്കുന്നു.

6. വനംവകുപ്പുമായി കരാറുകൾ ചമച്ചിട്ടില്ല

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച ₹200000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ജലനിധി പദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല.

പഞ്ചായത്തിൽ ജലനിധി പദ്ധതി 07.02.2013ൽ ആരംഭിച്ചതാണ്. എഗ്രിമെന്റ് പ്രകാരം 36 മാസത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെയായി പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ അടങ്കൽ തുക ₹94977480/-ആണ്. ആയതിൽ നാളിതുവരെയായി ₹73955313/- നിർവ്വഹണ ഏജൻസിയായ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിക്ക് നൽകിയിരിക്കുന്നു. ഗ്രാമപഞ്ചായത്ത് വിഹിതമായി അനുവദിക്കേണ്ട

₹14246622/- ൽ ₹8491200/- അനുവദിച്ചിരിക്കുന്നു. കുടിവെള്ളവിതരണത്തിനായി ചെക്ക് ഡാം നിർമ്മാണം,ടാങ്ക് നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ഘടകങ്ങൾ. പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന 10 സ്കീമുകളിൽ 4 എണ്ണം പൂർണ്ണമായും സജ്ജമായിരിക്കുന്നു എന്നും 5 എണ്ണം ഭാഗികമായി പ്രവർത്തിക്കുന്നതായും നിർവ്വഹണ ഏജൻസി അറിയിച്ചിരിക്കുന്നു. പദ്ധതി പ്രദേശങ്ങളിൽ വനമേഖല ഉൾപ്പെട്ടതിനാൽ വനം വകുപ്പിന്റെ അനുവാദം കിട്ടാൻ താമസിച്ചതുമൂലമാണ് പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായത് എന്ന് അറിയിച്ചിരിക്കുന്നു. 05.08.2017ൽ വനംവകുപ്പിന്റെ അനുമതി ലഭിച്ചിരിക്കുന്നു.

ജലനിധിപദ്ധതിക്കായുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റേയും സെക്രട്ടറിയുടെയും പേരിൽ എസ്.ബി.ഐ. മറയൂർ ബ്രാഞ്ചിലെ അക്കൗണ്ട് നം. 67219955220 ൽ 30.03.2017ൽ ₹1733843/-ഉം 30.06.2017 ൽ ₹1831880/-ഉം അവശേഷിക്കുന്നു. 30.03.2017ൽ മേൽ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം ₹8237000/- സെക്രട്ടറി & ട്രഷറർ മറയൂർ ഗ്രാമപഞ്ചായത്ത് ബി.ജി.ഫെഡറേഷന്റെ പേരിലുള്ള അക്കൗണ്ട് നം. 670301810155 ൽ നിക്ഷേപിച്ചിരിക്കുന്നു. ജലനിധി പദ്ധതി വളരെ ബൃഹത്തായ പദ്ധതിയായതിനാൽ പദ്ധതിയുടെ പ്രവർത്തനം, ചെലവ്, നേട്ടങ്ങൾ എന്നിവ സംബന്ധിച്ച് സമഗ്രമായ അന്വേഷണം അവശ്യമാണ്.

## 3-13 തെരുവ് വിളക്ക് അറ്റകുറ്റപ്പണി-രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല

തെരുവു വിളക്ക് പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കുമായി തൻ വർഷം വിവിധ പദ്ധതികളിലായി ₹1628713/- ഗ്രാമ പഞ്ചായത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും തെരുവു വിളക്ക് അറ്റകുറ്റപ്പണി സംബന്ധിച്ച രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്ററിൽ ചേർക്കണമെന്നും വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും തമ്മിൽ റീക്കൺസൈൽ ചെയ്യണമെന്നുമുള്ള 15.07.15ലെ 2134/2015/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ഗ്രാമ പഞ്ചായത്തിലേക്കാവശ്യമായ ഉപകരണങ്ങൾ ഇ-ടെണ്ടർ മുഖേന ഒറ്റ പദ്ധതിയിലൂടെ വാങ്ങാമായിരുന്നെങ്കിലും പല പദ്ധതികൾ ആവിഷ്കരിച്ചാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. തെരുവു വിളക്കു പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങളും ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

## 3-14 മാലിന്യ നിർമ്മാർജ്ജനത്തിന് കോൺക്രീറ്റ് റിംഗ് സ്ഥാപിക്കൽ -അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം | 59/16-7 തീ31.03.2017 |
| കരാറുകാരൻ | ക്ലിയർ ടെക് രാജകുമാരി |
| അടങ്കൽ | ₹495000/- |

മാലിന്യ നിർമ്മാർജ്ജനത്തിനായി 1 മീറ്റർ ഉയരം 7.5 സെ.മീ.കനം 1മീറ്റർ വ്യാസമുള്ളതും ഇരുമ്പ് അടപ്പോടുകൂടിയതുമായ കോൺക്രീറ്റ് റിംഗുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയായിരുന്നു ഇത്. ടെണ്ടർ നടപടികളിലൂടെയാണ് നിർവ്വഹണ ഏജൻസിയെ കണ്ടെത്തിയിരിക്കുന്നത്.


പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പദ്ധതി നടപ്പാക്കുന്നതിന് മുൻപ് ആവശ്യമായ പഠനം നടത്തിയില്ല.

കോൺക്രീറ്റ് റിംഗ് നിർമ്മിക്കുന്നതിനാവശ്യമായ തുക എസ്റ്റിമേറ്റ് തയ്യാറാക്കി കണ്ടെത്താതെ ടെണ്ടർ നടത്തി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് എന്ന പരിഗണന മാത്രം നൽകി പദ്ധതി നടപ്പാക്കിയിരിക്കുന്നു. നിർവ്വഹണം നടത്തിയിരിക്കുന്ന ഏജൻസി ₹7350/- നിരക്കിലാണ് 66 റിംഗുകൾ സ്ഥാപിച്ചിരിക്കുന്നത്. 2014 ലെ ഡി.എസ്.ആർ പ്രകാരം കരാറുകാരൻ മുഖേന മേൽ വലിപ്പത്തിലുള്ള കോൺക്രീറ്റ് റിംഗ് സ്ഥാപിക്കുന്നതിന് ചെലവാകുന്ന തുക ₹5988/- മാത്രമാണെന്ന് അസി.എൻജിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു റിംഗിന് ₹1352/- വീതം അധികം നൽകിയിരിക്കുന്നു. 66 റിംഗുകൾ സ്ഥാപിച്ചപ്പോൾ ₹89232/- ഈ ഇനത്തിൽ അധികമായി ചെലവഴിച്ചിരിക്കുന്നു. അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി വിഭാഗം തയ്യാറാക്കി തന്ന എസ്റ്റിമേറ്റ് ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു.

**WASTE BIN VALUATION.**

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | Providing and laying in position cement concrete of specified grade excluding the cost of centering and shuttering - All work up to plinth level: ( DSR 4.1.3) 1:2:4 (1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size) | | | | | | |
| | 2*3.14*.4625=2.9 | 1 | 2.90 | 0.075 | 1.000 | 0.218 | |
| | DEDUCTION | 1 | 0.30 | 0.3 | 0.075 | 0.007 | |
| | Say | 0.211 m3 | | 8485.88 /m³ | | | 1788.00 |
| 2 | Centering and shuttering including strutting, propping etc. and removal of form for : ( DSR 5.9.2) Walls (any thickness) including attached pilasters, butteresses, plinth and string courses etc. | | | | | | |
| | | 2 | 2.90 | | 1.000 | 5.80 | |
| | Say | 5.80 m² | | 560.10 /m² | | | 3249.00 |
| 3 | GI mesh 2.5x2.5 cm 10gauge | | | | | | |
| | | 1 | 2.90 | | 0.95 | 2.76 | |
| | Say | 2.76 m² | | 269.00 /m2 (MR) | | | 741.00 |
| 4 | 1) 12.1.1 Providing corrugate G.S. sheet roofing including vertical/ curved surface fixed with polymer coated J or L hooks, bolts and nuts 8 mm diameter with bitumen and G.I. limpet washers or with G.I. limpet washers filled with white lead, including a coat of approved steel primer and two coats of approved paint on overlapping of sheets complete ( up to any pitch in horizontal / vertical or curved surfaces), excluding the cost of purlins, rafters and trusses and including cutting to size and shape wherever required.1.00 mm thick with zinc coating not less than 275 gm/m2 | | | | | | |
| | | 1.00 | 0.30 | 0.30 | | 0.09 | |
| | Say | 0.09 m2 | | 1599.74 /m2 | | | 144.00 |
| 5 | 25x25mm angles 3mm thick, for door frame work. | | | | | | |
| | | 1 | 1.2 | | | 1.2 | |
| | | 1.2 | x | 1.1kg/m | | 1.32kg | |
| | Say | 1.32 kg | | 50.00 /kg (MR) | | | 66.00 |




2.എഗ്രിമെന്റ് എഴുതിതയ്യാറാക്കിയിട്ടില്ല. ഒപ്പിട്ട മുദ്രപേപ്പർ മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ അധികം നൽകിയ ₹89232/-യുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 3-15 ടെണ്ടർ ഫോറവില ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

താഴെപ്പറയുന്ന ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ടെണ്ടർ ഫോറവില എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. ഡിവിഷൻ ഇടുക്കിയുടെ അക്കൗണ്ടിലേയ്ക്കാണ് നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത തുക തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

| | |
|---|---|
| 1 | കൂടക്കാട് കുത്തുങ്കൽ റോഡ് കോൺക്രീറ്റിംഗ്.<br><br>അടങ്കൽ തുക ₹700000/- |
| 2 | കോട്ടക്കുളം അംഗൻവാടി റോഡ് കോൺക്രീറ്റിംഗ്.<br><br>അടങ്കൽ തുക ₹500000/- |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

- ഇല്ല -

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

- ഇല്ല -

## 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 3-8 | 1998 | a-III | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിന് അതീതമായി പൊതുമരാമത്ത് പണിക്ക് ചെലവാക്കിയ തുക. (മണിപ്പാറ ട്രൈബൽ കോളനി റോഡ്) | |
| 1997-98 | 35 | 1999-00 | | കാർഷികോപകരണങ്ങൾ വാങ്ങിയതിന് കൂടിയ വില നല്കി. | |
| 1997-97 | 41 | 1999-00 | | പ്രാഥമികാരോഗ്യ കേന്ദ്രം-പണം വകമാറ്റി ചെലവഴിച്ചു. | |
| 1999-00 | 35 | 2002-03 | | മാതൃകാ നേന്ത്രവാഴത്തോട്ടം -സാമ്പത്തിക നഷ്ടം | |
| 2005-06 | 3-10 | 2009-10 | 2-8 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത്. കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് (235239) | |
| | | 2012-13 | 2-4 | ഫ്രണ്ട് ഓഫീസ് സംവിധാനം (ലഘു അവലോകനം) | |
| | | 2014-15 | 5.7.6 | മൃഗസംരക്ഷണ /ക്ഷീര വികസന മേഖലയിലെ കർമ്മസമിതിയുടെ രൂപീകരണം, പ്രവർത്തനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.(വിഷയാധിഷ്ഠിത അവലോകനം) | |
| | | 2014-15 | 5.7.9 | മൃഗാശുപത്രികളിൽ മരുന്നുകളുടെ അപര്യാപ്തം- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല.(വിഷയാധിഷ്ഠിത അവലോകനം) | |

| | | | | | |
|---|---|---|---|---|---|
| | | 2014-15 | 5(2) | വെറ്ററിനറി സ്ഥാപനങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ - വാഹനസൌകര്യം, ബീജം സൂക്ഷിക്കുന്നതിന് പ്രത്യേകമുറി എന്നിവ ഇല്ല.(വിഷയാധിഷ്ഠിത അവലോകനം) | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76,33,8307/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,33,87,985/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 153622/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 780639/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 21582/- | ശ്രീ സാബു സെൽവാനോസ്,വി.ഇ.ഒ. |
| 3-2 | -- | 7500 | ശ്രീ.പി.വിജയകുമാർ സെക്രട്ടറി |
| 3-3 | -- | 6870 | ശ്രീ.പി.വിജയകുമാർ സെക്രട്ടറി |
| 3-5 | -- | 28438 | ശ്രീ.പി.വിജയകുമാർ സെക്രട്ടറി |
| 3-14 | - | 89232 | ശ്രീ.പി.വിജയകുമാർ സെക്രട്ടറി |
| | | 153622 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | ₹204951/- | ₹70,000/- സെക്രട്ടറി, ശ്രീ.പി.വിജയകുമാർ<br>₹134951/- ഡോ.അനീഷ് വി ശർമ, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |
| 3-6 | 148288/- | അനുപ്രീയ എസ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-7 | ₹ 100000/- | വെറ്ററിനറി സർജൻ |
| 3-8 | 127400 | ശ്രീ.പി.വിജയകുമാർ സെക്രട്ടറി |
| 3-11 | 200000 | അസി.സെക്രട്ടറി ശ്രീ.ജബ്ബരാജ്. |
| ആകെ | 780639 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സാബു സെൽവാനോസ്,<br>വി.ഇ.ഒ. | | ശാരോൺ, മൈലാടി,<br>പുളിയറക്കോണം പി.ഒ.,<br>തിരുവനന്തപുരം-695573 |
| ശ്രീ.പി.വിജയകുമാർ, സെക്രട്ടറി | | എം.പി.എൻ ഹൗസ്<br>ഇടിച്ചക്കപ്ലാമൂട്,പാറശ്ശാല<br>തിരുവനന്തപുരം-695502 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | | റിമാർക്ക്സ് |
|---|---|---|

| | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1968-69 | എൽ എഫ് ഐ.7-12/98/20.10.1997 | |
| 1970-71 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1971-72 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1973-74 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1975-76 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1976-77 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1977-78 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1978-79 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1980-81 | എൽ.എഫ്.ഐ.6-236/82/10.07.82 | |
| 1981-82 | എൽ എഫ് ഐ.6-542/8220.1.83 | |
| 1983-84 | എൽ എഫ് ഐ.6-275/84/26.9.86 | |
| 1985-86 | എൽ എഫ് ഐ.6-1/91/15.1.91 | |
| 1986-87 | എൽ എഫ് ഐ.6-1152/90/8.3.91 | |
| 1987-88 | എൽ എഫ് ഐ.6-236/92/17.6.93 | |
| 1988-89 | എൽ എഫ് ഐ.6-760/92/17.6.93 | |
| 1989-90 | എൽ എഫ് ഐ.6-760/92/17.6.93 | |
| 1990-91 | എൽ എഫ് ഐ.6-67/94/30.3.94 | |
| 1991-92 | എൽ എഫ് ഐ.6-67/94/30.3.94 | |
| 1992-93 | എൽ എഫ് ഐ.6-94/95/20.3.95 | |

| | | |
|---|---|---|
| 1993-94 | എൽ എഫ് ഐ.6-94/95/20.3.95 | |
| 1994-95 | എൽ എഫ് ഐ.7-660/97/24.2.98 | |
| 1995-96 | എൽ എഫ് ഐ.7-660/97/24.2.98 | |
| 1996-97 | എൽ എഫ് ഐ.7-660/97/24.2.98 | |
| 1997-98 | എൽ എഫ് ഐ.7-65/98/15.6.99 | |
| 1998-99 | എൽ എഫ് ഐ.7-624/00/5.3.01 | |
| 1999-00 | എൽ എഫ് ഐ.9-363/01/30.11.01 | |
| 2000-01 | എൽ എഫ് ഐ.9-691/02/17.3.02 | |
| 2001-02 | എൽ എഫ് ഐ.9-627/03/30.1.04 | |
| 2002-03 | എൽ എഫ് ഐ.9-2/05/1.3.05 | |
| 2003-04 | എൽ എഫ് ഐ.9-912/09/26.10.09 | |
| 2004-05 | എൽ എഫ് ഐ.14-1226/12/5.11.12 | |
| 2005-06 | എൽ എഫ് ഐ.14-1220/12/8.12.12 | |
| 2006-07 | എൽ എഫ് ഐ.14-357/11/1.11.11 | |
| 2007-08 | എൽ എഫ് ഐ.9-330/10/15.7.11 | |
| 2008-09 | എൽ എഫ് ഐ.14-979/11/12.12.11 | |
| 2009-10 | എൽ എഫ് ഐ.14-720/12/12.4.13 | |
| 2010-11 | എൽ എഫ് ഐ.14-721/12/5.2.13 | |
| 2011-12 | എൽ എഫ് ഐ.14-1498/13/11.7.14 | |
| 2012-13 | എൽ എഫ് ഐ.14-336/13/27.7.15 | |
| 2013-14 | എൽ എഫ് ഐ.14-336/13/27.7.15 | |

| | | |
|---|---|---|
| 2014-15 | നം.കെ.എസ്.എ/ഐ.ഡി.കെ/14/1014/2016.തീയതി.28.7.2016 | |
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ14/1561/2016/തീയതി :11.11.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-ഐ.ഡി.കെ-8/1249/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ കാര്യാലയം,തൊടുപുഴ
Phone : 04862 227332
doidk.ksad@kerala.gov.in
തീയതി :11.09.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ

2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-8/1249/2017

Kerala State Audit Department.

District Audit Office, Idukki,
Thodupuzha,Dated :11.09.2017

Phone : 04862 227332

doidk.ksad@kerala.gov.in

# A U D I T C E R T I F I C A T E

Certified that I have audited the Annual Financial Statement of Marayoor Grama Panchayat in Idukki District for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act

1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts Panchayat Raj Instituitions.

In my opinion, the Financial Statements of Marayoor Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI